വികസിപ്പിക്കുകയും ഈ മൂന്ന് ഏജൻസികളുടെ പ്രവർത്തനത്തെ ഒരു ബിസിനസ്സ് പ്ലാനിന്റെ അടിസ്ഥാനത്തിൽ ഏകോപിപ്പിച്ച് ഒരു യൂണിറ്റായി പ്രവൃത്തിപ്പിക്കുകയും ചെയ്യും. കെ.എസ്.എ.എം.എം ന്റെ പ്രവർത്തന ചിലവുകൾക്ക് 225.00 ലക്ഷം രൂപ വകയിരുത്തുന്നു. പഞ്ചായത്ത് തലത്തിലും ബ്ലോക്ക് തലത്തിലും ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുക , കാർഷിക യന്ത്രങ്ങളുടെ അറ്റകുറ്റപ്പണിയും പരിപാലനവും, വിവരശേഖരണം, റിപ്പോർട്ടിംഗ്, ആവശ്യമായ സ്പെയർ പാർട്ടുകളുടെ ശേഖരണം എന്നിവയാണ് പ്രധാന പ്രവർത്തനങ്ങൾ. ഇതിൽ നിന്നും കാർഷിക യന്ത്രങ്ങളുടെ അറ്റകുറ്റപ്പണിക്കും പരിപാലനത്തിനുമായി 50.00 ലക്ഷം രൂപ വകയിരുത്തുന്നു.

കാർഷിക സേവന കേന്ദ്രങ്ങളുടെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്താൻ ഒരു ലക്ഷം രൂപ വകയിരുത്തുന്നു. കേന്ദ്രങ്ങൾ സ്വയംപര്യാപ്തത കൈവരിക്കുന്നതിനായി ഒരു വർഷം കൂടി പ്രവർത്തന സഹായം നൽകുന്നതാണ്. ബയോഫാർമസികൾ, നഴ്സറികൾ, മറ്റ് സേവനങ്ങൾ എന്നിവ എല്ലാ കാർഷിക സേവനകേന്ദ്രങ്ങളിലും സ്ഥാപിക്കും. സേവനങ്ങൾ കഴിയുന്നത്ര കർമ്മ സേനയുടെ പ്രവർത്തനങ്ങളുമായി സംയോജിപ്പിക്കണം.

തിരഞ്ഞെടുത്ത കാർഷിക കർമ്മ സേനകളെ പിന്തുണയ്ക്കാൻ 1.00 ലക്ഷം രൂപ വകയിരുത്തുന്നു. കാർഷിക സേവന കേന്ദ്രങ്ങളും കാർഷിക കർമ്മ സേനകളും ബിസിനസ്സ് പ്ലാൻ വികസിപ്പിക്കുകയും നീക്കി വച്ചിരിക്കുന്ന തുക അതിനായി വിനിയോഗിക്കുകയും ചെയ്യും. ഫണ്ട് നൽകുന്നതിനു മുൻപ് എല്ലാ കാർഷിക സേവന കേന്ദ്രങ്ങളുടേയും കാർഷിക കർമ്മ സേനകളുടേയും പ്രവർത്തനം വിശകലനം ചെയ്യും.

ആലപ്പുഴ, തൃശ്ശൂർ, കോഴിക്കോട് ജില്ലകളിൽ സ്ഥാപിച്ചിട്ടുള്ള കാർഷിക യന്ത്ര സേവന കേന്ദ്രങ്ങൾ, പ്രാദേശിക ഫാം ഫെസിലിറ്റേഷൻ കേന്ദ്രങ്ങൾ വകുപ്പിന്റെ എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ സഹായത്തോടെ അപക്സ് ബോഡി ഏകോപിപ്പിക്കും. കാർഷിക സേവന കേന്ദ്രങ്ങളിൽ ഐ.റ്റി.ഐ പരിശീലനം ലഭിച്ചവരുടെ സേവനം ലഭ്യമാണെങ്കിൽ അവരെ യന്ത്രോപകരണങ്ങളുടെ അറ്റകുറ്റപ്പണികൾ നടത്താൻ പ്രയോജനപ്പെടുത്തും. ഈ പദ്ധതിയുടെ 15 ശതമാനം ഗുണഭോക്താക്കൾ സ്ത്രീകളായിരിക്കും.

12.12.2019 ലെ സ.ഉ.(കൈ).34/2019/ആ.സ.വ പ്രകാരം റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതിയിൽ കാർഷിക സേവന കേന്ദ്രങ്ങളുടേയും കാർഷിക കർമ്മസേന യൂണിറ്റുകളുടേയും സേവന വിതരണം ശക്തിപ്പെടുത്തുന്നതിനുള്ള പ്രോജക്ടിന് അംഗീകാരം ലഭിച്ചിട്ടുണ്ട് . കാർഷിക സേവന കേന്ദ്രങ്ങളുടേയും കാർഷിക കർമ്മ സേനയുടേയും ഘടകങ്ങൾ ആർ .കെ.ഐ ഫണ്ടുപയോഗിച്ച് നടപ്പാക്കും.

കാർഷിക കർമ്മസേനയുടേയും കാർഷിക സേവന കേന്ദ്രത്തിലേയും പുതുതായി ആരംഭിക്കുന്ന കൃഷിശ്രീ യൂണിറ്റുകളിലേയും രജിസ്റ്റർ ചെയ്തിട്ടുള്ള കർഷകർക്കും അംഗങ്ങൾക്കും അപകട ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നതിനായി ഗുണഭോക്തൃ വിഹിതം ഉൾപ്പെടുത്തിക്കൊണ്ട് ഇൻഷ്വറൻസ് കമ്പനിയുമായി ചേർന്ന് ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി ആരംഭിക്കുന്നതിന് ഉദ്ദേശിച്ചിരിക്കുന്നു ഇതിനുള്ള പ്രീമിയം തുക ഒടുക്കുന്നതിനായി 20.00 ലക്ഷം രൂപ വകയിരുത്തുന്നു

മൊബൈൽ ക്ലിനിക്കുകളുടെ വേതനം , പ്രളയത്തിൽ തകർന്ന കൃഷിഭവനിലെ വാഹനങ്ങൾ നന്നാക്കൽ എന്നിവ ഉൾപ്പെടെയുള്ള പ്രവർത്തന ചിലവുകൾക്ക് 165.00 ലക്ഷം രൂപ വകയിരുത്തുന്നു. ഘടകങ്ങൾ തിരിച്ചുള്ള പദ്ധതി വിഹിതം താഴെ കൊടുത്തിരിക്കുന്നു

| ക്രമ നമ്പർ | ഘടകങ്ങൾ | തുക (ലക്ഷം രൂപ) |
|---|---|---|
| 10 | വിലനിലവാരം സ്ഥിരപ്പെടുത്തുവാൻ വിപണിയിൽ ഇടപെടുന്നതിന് | 2000.00 |
| 11 | കേരള സംസ്ഥാന വെയർ ഹൌസിംഗ് കോർപ്പറേഷന് കമ്പ്യൂട്ടർവത്ക്കരണത്തിനുള്ള സഹായം | 25.00 |
| 12 | കേരള സംസ്ഥാന വെയർ ഹൌസിംഗ് കോർപ്പറേഷന് ഗോഡൌൺ നിർമ്മാണത്തിനുമുള്ള സഹായം | 30.00 |
| | **ആകെ** | **2965.00** |

| | | | |
|---|---|---|---|
| **29)** | **മൂല്യ വർദ്ധനവും വിളവെടുപ്പിന് ശേഷമുള്ള പരിപാലനവും** | **ശീർഷകം : 2435-01-800-94** | **1275.00** ***ലക്ഷം രൂപ*** |

കേരളത്തിന്റെ സമ്പദ് വ്യവസ്ഥ മെച്ചപ്പെടുത്തുന്നതിനും കർഷകർക്ക് കാർഷിക മേഖലയിൽ നിന്നുള്ള വരുമാനം വർദ്ധിപ്പിക്കുന്നതിനും മൂല്യവർദ്ധനവ് /കാർഷിക സംസ്കരണ/വിളവെടുപ്പിന് ശേഷമുള്ള പരിപാലനം എന്നിവ പ്രധാന പങ്ക് വഹിക്കുന്നുണ്ട്.

എസ്.എഫ്.എ.സി. ചെറുകിട ഇടത്തരം സംരംഭകർക്ക് സഹായം നൽകുന്നതാണ്. ഇതിനായി 700.00 ലക്ഷം രൂപ വകയിരുത്തുന്നു. ചെറുകിട ഇടത്തരം കാർഷിക സംസ്കരണ യൂണിറ്റുകൾക്കും സ്വയംസഹായസംഘങ്ങൾ/വ്യക്തികൾക്കുമായി സൂക്ഷ്മതല യൂണിറ്റുകൾക്കും എസ്.എഫ്.എ.സി സഹായം നൽകുന്നതാണ്. ഒരു യൂണിറ്റിന് നൽകാവുന്ന പരമാവധി സഹായം 50.00 ലക്ഷം രൂപയാണ്.സാമ്പത്തിക സ്ഥാപനത്തിൽ നിന്നുള്ള വായ്പ അനുവദിച്ച ശേഷമാണ് തുക അനുവദിക്കുന്നത്. മൈക്രോലെവൽ സംരംഭങ്ങളിൽ തൊഴിൽ ലഭ്യതയും ഉപജീവന മാർഗ്ഗവും ഉറപ്പ് വരുത്തുന്നതിനു വേണ്ട ഊന്നൽ നൽകേണ്ടതാണ്. കേരഫെഡിനു കീഴിലുള്ള പച്ചത്തേങ്ങ സംഭരിക്കുന്ന സൊസൈറ്റികൾക്ക് കൊപ്ര ഉണക്കുന്ന യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് സഹായം നൽകുന്നതാണ് . എസ്.എഫ്.എ.സി യിലൂടെ സംരംഭകർക്ക് സാങ്കേതിക സഹായം നൽകുന്നതിനായും ഈ തുക വിനിയോഗിക്കുന്നതാണ്.

സർക്കാർ/പൊതുമേഖല/സഹകരണ മേഖല/കുടുംബശ്രീ യൂണിറ്റുകൾ/എഫ്.പി.ഒ കൾ എന്നിവ മുഖേനയുള്ള വിപണനത്തിനും മൂല്യവർദ്ധനവിനും പദ്ധതി അധിഷ്ഠിത സഹായമായി 200.00 ലക്ഷം രൂപ വകയിരുത്തുന്നു. ഇതിൽ 50.00 ലക്ഷം രൂപ അരി ഉല്പന്നങ്ങളുടെ മൂല്യവർദ്ധനവിനുള്ള സഹായമായി മയ്യിൽ റൈസ് പ്രഡ്യൂസർ കമ്പനിയ്ക്ക് വകയിരുത്തിയിരിക്കുന്നു . കണ്ണൂർ കൃഷി വിജ്ഞാന കേന്ദ്രത്തിലൂടെയായിരിക്കും ഈ പരിപാടി നടപ്പിലാക്കുക. എസ്.എഫ്.എ.സി യുടെ പ്രവർത്തന സഹായമായി 50.00 ലക്ഷം രൂപ നീക്കി വച്ചിരിക്കുന്നു.

തേനീച്ച വളർത്തലും തേൻ ഉല്പാദനവും കേരളത്തിൽ വളരെയധികം സാദ്ധ്യതയുള്ള മേഖലയാണ്. തേൻ ഉത്പാദകർക്കുള്ള സഹായമായും തേനിന്റെ മൂല്യവർദ്ധിത ഉത്പന്നങ്ങൾ സംസ്ഥാന ഹോർട്ടീക്കൾച്ചർ മിഷൻ മുഖേന ഉല്പാദിപ്പിക്കുന്നതിനുള്ള സഹായവും തുടരുന്നതാണ് . ഇതിനായി 25.00 ലക്ഷം രൂപ വകയിരുത്തുന്നു.

സംസ്ഥാന നാളികേര വികസന കോർപ്പറേഷന് മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ പ്രോത്സാഹനത്തിനായി 100.00 ലക്ഷം രൂപ വകയിരുത്തുന്നു.

കാർഷിക മേഖലയിലെ അഗ്രി സ്റ്റാർട്ടപ്പുകളേയും സാങ്കേതിക വിദ്യ അടിസ്ഥാനമാക്കിയുള്ള കണ്ടുപിടിത്തങ്ങളേയും പ്രോത്സാഹിപ്പിക്കുന്നതിന് 200.00 ലക്ഷം രൂപ നീക്കിവച്ചിട്ടുണ്ട്. കാർഷിക മൂല്യ ശൃംഖലയിൽ സാങ്കേതികശേഷി വർദ്ധിപ്പിക്കുന്നതിനും വികസിപ്പിക്കുന്നതിനുമുള്ള പ്രധാന പങ്കാളിയാകാൻ വിഭാവനം ചെയ്തിരിക്കുന്ന സ്റ്റാർട്ടപ് മിഷന്റെ കേരള അഗ്രിടെക് ഇന്നവേഷൻ സോൺ

പത്തനംതിട്ട ജില്ലയിലെ മുഖ്യകൃഷി ഓഫീസറുടെ വിശദ പ്രോജക്ട് നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ തുക അനുവദിക്കുന്നതാണ്. പുനരധിവാസ പാക്കേജ് വിജയകരമായി പൂർത്തീകരിക്കുന്നതിന് തടസ്സം നിൽക്കുന്ന നിർണ്ണായക വിടവുകൾ നികത്തുന്നതിനാണ് പദ്ധതി വിഹിതം വിനിയോഗിക്കേണ്ടത്.

**കേന്ദ്രാവിഷ്കൃത പദ്ധതി – സംസ്ഥാന വിഹിതം**

| | | | |
|---|---|---|---|
| 38) | **സംയോജിത പദ്ധതി – കൃഷി ഉന്നതി യോജന ഉൾപ്പെടെയുള്ള മറ്റ് കേന്ദ്രാവിഷ്കൃത പദ്ധതികൾ - (40 ശതമാനം സംസ്ഥാന വിഹിതം)** | | |
| a | സബ് മിഷൻ ഓൺ അഗ്രികൽച്ചർ എക്സ്റ്റൻഷൻ (എസ്.എം.എ.ഇ ) - കേന്ദ്ര വിഹിതം | 2401-00-109-64 – ജനറൽ | 890.00 |
| | | 2401-00-789-97 (01) – എസ്.സി.പി | 100.00 |
| | | 2401-00-796-96 (01) – ടി.എസ്.പി | 10.00 |
| b | മറ്റ CSS (40% CSS) കേന്ദ്ര വിഹിതം | 2401-00-109-65 – ജനറൽ | 3490.00 |
| | | 2401-00-789-86 – എസ്.സി.പി | 392.00 |
| | | 2401-00-796-87 – ടി.എസ്.പി | 39.00 |
| c | ഹോർട്ടികൾച്ചർ വികസനത്തിനായുള്ള മിഷൻ (എം.ഐ.ഡി.എച്ച്) | 2401-00-789-89 - എസ്.സി.പി | 263.00 |
| | | 2401-00-796-90 - ടി.എസ്.പി | 30.00 |
| d | രാഷ്ട്രീയ കൃഷി വികാസ് യോജന (ആർ.കെ.വി.വൈ) | 2401-109-61-01 - ജനറൽ | 3582.00 |
| | | 2401-789-84-01 - എസ്.സി.പി | 599.00 |
| | | 2401-796-85-01 - ടി.എസ്.പി | 105.00 |
| | **Total** | | **9500.00** |

കേന്ദ്രാവിഷ്കൃത പദ്ധതികൾ പുന:സംഘടിപ്പിച്ചതിന്റെ ഭാഗമായി പദ്ധതികളുടെ എണ്ണം കുറയ്ക്കുകയും, അനുയോജ്യമായ പദ്ധതികൾ കണ്ടെത്തുന്നതിനും അവ നടപ്പിലാക്കുന്നതിനും ഉപ പദ്ധതികൾക്ക് രൂപം നൽകുന്നതിനും, സംസ്ഥാനങ്ങൾക്ക് കൂടുതൽ അധികാരം നൽകിക്കൊണ്ട് സംയോജിത പദ്ധതി എന്ന ഒരു പുതിയ ആശയത്തിന് രൂപം നൽകുകയുണ്ടായി. കേന്ദ്രബഡ്ജറ്റിൽ ഇതിനായുള്ള വിഹിതം സുതാര്യ മാനദണ്ഡ പ്രകാരം വകയിരുത്തുന്നതാണ്. പദ്ധതി നടത്തിപ്പ് കൂടുതൽ സുഗമമാക്കുന്നതിനായി കാർഷിക മേഖലയിലെ എല്ലാ കേന്ദ്രാവിഷ്കൃത പദ്ധതികളും ഈ സംയോജിത പദ്ധതിയിൻ കീഴിൽ ഉൾപ്പെടുത്തിയിരിക്കുന്നു. കൃഷി ഉന്നതി യോജന എന്ന പദ്ധതിയാണ് കാർഷിക മേഖലയിൽ ഏറ്റെടുത്തിട്ടുള്ള സംയോജിത പദ്ധതി. ഈ പദ്ധതിയുടെ 60 ശതമാനം തുക കേന്ദ്ര വിഹിതവും 40 ശതമാനം തുക സംസ്ഥാന വിഹിതവുമാണ്. തുടർന്ന് നടപ്പിലാക്കി വരുന്ന കേന്ദ്രാവിഷ്കൃത

